QP CODE: 19103148

Reg No : .....

Name : .....

B A DEGREE (CBCS)EXAMINATION, NOVEMBER 2019

First Semester

(For Model II B A Programmes)

Common Course II - ML1CCT07 - MALAYALAM-KADHA NOVEL

2017 Admission Onwards

AE2386AC

Time: 3 Hours

Maximum Marks :80

പാർട്ട് എ

*അരപ്പുറത്തിൽകവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന്ഉത്തരമെഴുതുക*
ഓരോ ചോദ്യത്തിനും2 മാർക്ക് വീതം.

1. "എന്നാലും സുഖശീതളമായ ആ വ്യക്ഷച്ഛായയിലൂടെ നടക്കുന്നത് തന്നെ ഒരു വിശ്രമമാണ്."സന്ദർഭമേത്?
2. അതിന്റെ കുളിർമയും ലഹരിയു ആസ്വദിച് സ്വയം മറന്നിരുന്നപ്പോൾഴ്ാണ് റെസ്ററൗറെന്റിന്റെ പടിക്കൽ ഒരത്ഭുതമനുഷ്യൻ പ്രത്യക്ഷപ്പെട്ടത് ആര് ?
3. ഓനെ ഉണിച്ചിര പെറ്റന്നേയുള്ളു .ഓനിപ്പം ആരാ ? ആരെയാണ് ഇവിടെ പരാമർശിക്കുന്നത് ?സന്ദർഭം ഏതു?
4. ഒരു രക്തസാക്ഷി പോലും ആവാതെ ആരോരും ആകാതെ അയാൾ അമരത്തും പിടിച്ചെടുക്കുകയായിരുന്നുവെന്ന് .ആരെ പറ്റിയാണ് ഇവിടെ പരാമർശിക്കുന്നത് ,എന്തുകൊണ്ട്
5. പാപ്പച്ചിയുടെ ജീവിതത്തിൽ രണ്ടു വിശേഷസംഭവങ്ങളെ ഉണ്ടായിട്ടുള്ളൂ? ഏവ ?
6. "ഞാൻ അപ്പഴേ പറഞ്ഞില്ലേ വേണ്ടാന്ന് ,കൂട്ടക്കണ്ടേ , ചെറുപ്പമാണെന്നാണ് വിചാരം" ,സന്ദർഭംഏത് ?
7. നിരന്തരമായ ഈ പാഴാക്കലുകൾ നേടിത്തന്ന വൈരാഗ്യം മാത്രമുണ്ട് ഇപ്പോൾ മിച്ചം .സന്ദർഭം ഏത് ?
8. "എനിക്ക് രാഷ്ട്രീയം വെറുപ്പാണ് മനുഷ്യന് യാതൊരു ഉപകാരവും ഇല്ലാത്തത്" സന്ദർഭം ഏത് ?
9. "എന്തൂട്ടാ ഇത് പഠിപ്പൂന്നു പറഞ്ഞാൽ അതിനു ഒരവസാനൊക്കണ്ടാവണം" -ഇങ്ങനെ പറയാനുണ്ടായ സഹ്യചര്യമെന്ത് ?

10. എല്ലാപെണ്ണും, ചരക്കും ഉരുപ്പടിയുമല്ലേ നിങ്ങൾ കോളേജ് കുമാരന്മാർക്ക് .ഇങ്ങനെ പറയാനുണ്ടായ സാഹചര്യം എന്ത് ?

11. 'എഴുത്തു ഉദ്ദേശിച്ചതിലും നന്നായിരിക്കുന്നു' .അയാൾ അത് നാലായി മടക്കി പോക്കറ്റിലിട്ടു .ഏതെഴുത്ത് ?സന്ദർഭമേത് ?

12. "ഉപമകൾ വളരെ തോന്നും .....വെളുപ്പിന് നാലരമണിക്കുള്ള വണ്ടിക്കു എന്റെ കൂടെ വരണം"നോവലിന്റെ കഥാഗതിയിൽ ഈ വാക്യത്തിലുള്ള പ്രാധ്യാനമെന്ത് ?

(10×2=20)

പാർട്ട് ബി

*ഒന്നര പുറത്തിൽകവിയാതെ **ആറ്** ചോദ്യങ്ങൾക്ക്ഉത്തരമെഴുതുക*
ഓരോ ചോദ്യത്തിനും5 മാർക്ക് വീതം

13. "ഹൃദയത്തെ അടക്കിനിർത്തി ബുദ്ധികൊണ്ട് ആലോചിച്ചുപറയണം " ലില്ലിക്കുട്ടി ഇത് പറയാനുണ്ടായ സാഹചര്യം എന്ത്?

14. "മൂലധനം നീണ്ട നാലഞ്ചുവിരലുകളും പ്രസന്നമായ മുഖവും" സന്ദർഭമേത്?,വിശദീകരിക്കുക

15. ഭാഗ്യനാഥന്റെ ദൂരകാഴ്ചകളിലേക്ക് മഹാനഗരത്തിന്റെ വിഴിപ്പുകൾ ഒന്നൊന്നായി കടന്നുവരുന്ന കഥയാണ് ദൂരകാഴ്ചകൾ-വിലയിരുത്തുക

16. പുരുഷാധിപത്യസ്വരം നഷ്ടങ്ങളുടെ ആഴങ്ങളിലേക്ക് കൊണ്ടെത്തിക്കുന്ന അവസാനമാണ് "മക്കൾ" എന്ന കഥയിൽ-നിരൂപിക്കുക

17. ഹോസ്പിറ്റലിൽനിന്നു മടങ്ങുന്നതോടുകൂടി നമ്മൾ ആ കഥയെ മറന്നു പോകുമത്രേ. ഈ വാക്യങ്ങളിലെ അന്തസത്ത കഥയിൽ സ്വാധീനിച്ചിച്ചുണ്ട് .വിശദമാക്കുക

18. ഭൂത,ഭാവി,വർത്തമാനങ്ങളില്ലാത്ത സമയത്തിന്റെ സീറോ അവസ്ഥയിലും ജീവിതം പോലെ തുടർന്നുപോകുന്നകഥയാണ് എം.ടി.പി .ചർച്ചചെയ്യുക

19. നവോത്ഥാന ചെറുകഥകളെക്കുറിച്ചു ചുരുക്കി പ്രതിപാദിക്കുക

20. "കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത ആളുടെ കൂടെയുള്ള ദാമ്പത്യജീവിതത്തിലെ സുഖം ഓർത്തല്ല ,നരകത്തിൽനിന്നു രക്ഷ കിട്ടുമല്ലോഎന്ന് കരുതി"ആർക്കു ? വ്യംഗ്യം എന്ത് ?

21. അങ്ങനെ പത്തിരുപതു വയസ്സാകുമ്പോൾ ,എല്ലാ മതങ്ങളിലും വെച്ച് അവർക്കു ഹൃദ്യമായതു സ്വീകരിക്കട്ടെ ---സന്ദർഭമെഴുതി വിശദീകരിക്കുക

(6×5=30)

പാർട്ട് സി

*നാലു പുറത്തിൽകവിയാതെ **രണ്ട്** ചോദ്യത്തിന്ഉത്തരമെഴുതുക*
ഓരോ ചോദ്യത്തിനും15 മാർക്ക് വീതം

22. സമൂഹത്തിൽ സ്ത്രീ അനുഭവിക്കുന്ന അവഗണനയുടേയും,പരിഗണനയയുടെയും ഒത്തുതീർപ്പുകൾ അഷിത എന്ന കഥാകാരി അവതരിപ്പിക്കുന്നതെങ്ങനെ?വിശദമാക്കുക

23. രചനാശിൽപത്തിലെ പുതുമയുടെ ഭംഗികൊണ്ട് അസാധാരണ കാവ്യാനുഭുതി പകരുന്ന കഥയാണ് "പ്രണയോപനിഷത്"സമർഥിക്കുക

24. പുതിയകാലചെറുകഥകളുടെ പ്രധാന സവിഷേതകൾ പാഠഭാഗങ്ങളെ മുന്നിർത്തി വിലയിരുത്തുക

25. ഭാഷയിൽനിന്നും ബഷീർ കണ്ടെടുക്കുന്ന വാക്കുകളെ തല്ലി ഉടച്ചും കൂട്ടിച്ചേർത്തും സൃഷ്ടിക്കുന്ന അപൂർവമായ ഭാവപ്രപഞ്ചമാണ് പ്രേമലേഖനം എന്ന നോവൽ-നിരൂപണം ചെയ്യുക

(2×15=30)